## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 8048 — 16.07.2014-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സ്കൂളുകളിലെത്തിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ

**ചോദ്യം**
**ശ്രീ.കെ.രാധാകൃഷ്ണൻ**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുട്ടികളെ പൂർണ്ണമായും സ്കൂളുകളിലെത്തിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ പൂർണ്ണമായും സ്കൂളിലെത്തിക്കുവാനായി എസ്.ടി പ്രൊമോട്ടർമാർ മുഖേന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ബോധവൽക്കരണം നടത്തി സ്കൂളുകൾ തുറക്കുന്നതിനുമൻപ് തന്നെ ശക്തമായ ഇടപെടലുകൾ നടത്തിയിരുന്നു. യാത്രാക്ലേശം രൂക്ഷമായ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി 2013-14 അദ്ധ്യയന വർഷം മുതൽ ഗോത്രസാരഥി എന്ന പദ്ധതി നടപ്പാക്കി വരുന്നു. വിദ്യാർത്ഥികളുടെ പഠനം ഉറപ്പാക്കുന്നതിനായി പ്രീമെട്രിക് ഹോസ്റ്റലുകൾ എം.ആർ.എസ്സുകൾ എന്നിവയും ഒറ്റപ്പെട്ട സങ്കേതങ്ങളിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഏകാധ്യാപകസ്കൂളുകൾ, പെരിപ്പറ്ററിക് സ്കൂൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ ആരംഭത്തിൽ തന്നെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും |

| | | | |
|---|---|---|---|
| | | | വിതരണം ചെയ്ത വരുന്നു. കൂടാതെ 75% ൽ അധികം ഹാജരുള്ള ലോവർ പ്രൈമറി വിഭാഗത്തിൽപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റും നൽകി വരുന്നു. |
| ബി) | നടപ്പ് അദ്ധ്യയന വർഷാരംഭം മുതൽ ആദിവാസി മേഖലയിലെ സ്കൂളുകളിൽ കുട്ടികൾ പൂർണ്ണമായും എത്തിയിട്ടുണ്ടോ; | ബി) | നടപ്പ് അധ്യയന വർഷാരംഭം ചുരുക്കം ചില സ്കൂളുകളിലൊഴികെ തൊണ്ണൂറ് ശതമാനത്തിലധികം പട്ടികവർഗ്ഗ വിദ്യാർത്ഥികളും ഹാജരായിട്ടുണ്ട്. ഇനിയും സ്കൂളുകളിൽ എത്താത്ത കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| സി) | എങ്കിൽ കുട്ടികളുടെ ഹാജർ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) | ഹാജർ വിശദാംശങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമല്ല. |
| ഡി) | സ്കൂൾ തുറന്ന് ഒരു മാസം കഴിഞ്ഞിട്ടും പ്രസ്തുത മേഖലയിലെ കുട്ടികളെ പൂർണ്ണമായി സ്കൂളിലെത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഇ) | എങ്കിൽ കുട്ടികളെ സ്കൂളിൽ എത്തിക്കാൻ കഴിയാതിരുന്ന സാഹചര്യങ്ങൾ വിശദമാക്കാമോ? | ഇ) | സ്കൂൾ പ്രായത്തിലുള്ള കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് രക്ഷിതാക്കൾ വിമുഖത കാട്ടുന്നതിനാലാണ് ചില സ്കൂളുകളിലെങ്കിലും മുഴുവൻ കുട്ടികളെയും എത്തിക്കാൻ കഴിയാതെ വരുന്നത്. ഇത്തരത്തിലുള്ള കുട്ടികളെ കൂടി വിദ്യാലയങ്ങളിലെത്തിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ